# MALAYALAM-(Code-112)
# MARKING SCHEME
# Class XII (2025-26)

Std: XII

TIME ALLOWED: 3 Hrs | Maximum Marks: 80

അനുവദിച്ച സമയം: 3 മണിക്കൂർ | ആകെ മാർക്ക് : 80

---

## Section A / എ. വിഭാഗം

**1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.** **(10x1=10)**

1. (I) കാളിദാസനാണ് സന്ദേശ കാവ്യത്തിന് നിയതമായ സാഹിത്യരൂപം നൽകിയത്.

1. (II) കാളിദാസന്റെ മേഘദൂതമാണ് ആദ്യത്തെ സന്ദേശകാവ്യം.

1. (III) കാളിദാസന് മേഘദൂത് രചിക്കുന്നതിന് രാമായണത്തിലെ ഹനുമദ്ദൂത് പ്രേരകമായിരിക്കാം

1. (IV) കോകസന്ദേശം, ഉണ്ണുനീലി സന്ദേശം,മയൂരസന്ദേശം.

1. (V) പ്രണയബദ്ധരായ സ്ത്രീപുരുഷന്മാർ വിധി വശാൽ വേർപിരിഞ്ഞു താമസിക്കേണ്ടി വരിക, വിരഹദുഃഖത്തിൽ ആമഗ്നനായ കാമുകൻ ഹൃദയഭാരം ലഘൂകരിക്കാൻ ആരെയെങ്കിലും കണ്ടെത്തി തന്റെ സന്ദേശം കാമുകീ സവിധം എത്തിക്കാൻ അഭ്യർത്ഥിക്കുക, ഇങ്ങനെ ഇരുവരുടെയും ഉൽക്കണ്ഠയ്ക്ക് ശമനം വരുത്തുക; ഇതത്രേ ചുരുക്കത്തിൽ സന്ദേശകാവ്യങ്ങളുടെ മൗലിക ഘടനാസ്വഭാവം.

1. (VI) കാവ്യകാരൻ ആരെന്നു നിശ്ചയമില്ല.

1. (VII) മയൂരസന്ദേശം ആദ്യം ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിക്കുമ്പോൾ ഉണ്ണുനീലിസന്ദേശവും കോകസന്ദേശവും കണ്ടെടുത്തിരുന്നില്ല.

1. (VIII) ഹരിപ്പാട് സുബ്രഹ്മണ്യ ക്ഷേത്രത്തിൽ നൃത്തം ചെയ്യുന്ന മയിലിനെ കണ്ടപ്പോൾ

1. (IX) ഭാഷാപോഷിണിയിൽ. കണ്ടത്തിൽ വർഗീസു മാപ്പിളയുടെ അഭ്യർത്ഥനപ്രകാരം.

1. (X) ആയില്യം തിരുനാളിന്റെ അപ്രീതിക്ക് പാത്രമായതിനാൽ

1. (XI) സ്വാനുഭവനിഷ്ഠമായ ഈ കാവ്യത്തിൽ, അഞ്ചുകൊല്ലം നീണ്ടുനിന്ന വിരഹജീവിതം കോയിത്തമ്പുരാനിൽ ഉണ്ടാക്കിയ തീവ്രദുഃഖമാണ് പ്രതിപാദിച്ചിരിക്കുന്നത്.

1. (XII) പ്രണയബദ്ധരായ സ്ത്രീപുരുഷന്മാർ

## Section B/ ബി. വിഭാഗം

**2. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക** **(1x6=6)**

ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിച്ചാൽ മതിയാകും.

ആമുഖം: വിഷയത്തെക്കുറിച്ചുള്ള പൊതുവിവരം.

ഉള്ളടക്കം: വിഷയത്തിലുള്ള അറിവ്, ആശയം, ഭാഷ, അവതരണരീതി, അക്ഷരശുദ്ധി, ഖണ്ഡികാകരണം.

ഉപസംഹാരം: പ്രതിവിധി, നടപ്പിലാക്കേണ്ട കാര്യങ്ങൾ, ഭാവിയിൽ ഉണ്ടാകാവുന്ന മാറ്റങ്ങൾ.

3. കത്ത് **(1x6=6)**

പ്രേഷകൻ

പേര്

സ്ഥാനപ്പേര്

വിദ്യാലയത്തിന്റെ പേര്

സ്ഥലം

ജില്ല

പിൻകോഡ്.

സ്വീകർത്താവ്/ ഗ്രാഹകൻ

സ്ഥാനപ്പേര്

വകുപ്പിന്റെ പേര്

സ്ഥലം

ജില്ല

പിൻകോഡ്. 2 മാർക്ക്

അഭിസംബോധന, വിഷയം, ഒപ്പ്, പേര് 1 മാർക്ക്

ഉള്ളടക്കം 3 മാർക്ക്

ഖണ്ഡിക തിരിച്ച് എഴുതുക.

എന്ന് ,

വിശ്വസ്തതയോടെ,

(ഒപ്പ്)

പേര്.

എന്നിവ താഴെ വലതുവശത്ത് കൊടുക്കുക. തീയതി താഴെ ഇടതുവശത്ത് കൊടുക്കുക. പഴയ രീതി തന്നെ അനുവർത്തിക്കുക

**4. പരാവർത്തനം ചെയ്യുക** **(1x2=2)**

(കാവ്യഭാഗത്തിന്റെ ആശയം സ്വന്തം വാക്യത്തിൽ എഴുതുക. പദാനുപദവിവരണമോ വ്യാഖ്യാനമോ ആവശ്യമില്ല. വരികളുടെ ക്രമം ശ്രദ്ധിക്കേണ്ടതില്ല. ലളിതമായ ഭാഷയിൽ ആശയം വ്യക്തമാക്കിയാൽ മതി.)

സ്വാതന്ത്ര്യത്തിന് ഇത്ര മനോഹരമായ നിർവചനം മറ്റൊരിടത്തും കാണില്ല. സ്വന്തം ഇഷ്ടത്തിനൊത്ത് ചിന്തിക്കാനും ജീവിക്കാനും അഭിപ്രായം പറയാനുമുള്ള അവസ്ഥയാണത്- സ്വാതന്ത്ര്യത്തിന്റെ വിലയെക്കുറിച്ചാണ് ഇവിടെ കവി പറയുന്നത്- ജീവൻ നിലനിർത്തുന്ന മരുന്നാണ് അമൃതം- അതുപോലെതന്നെയാണ് സ്വാതന്ത്ര്യവും- അഭിമാനികളായ ആർക്കും പാരതന്ത്ര്യം സമ്മതിച്ചു കൊടുക്കാൻ കഴിയില്ല- അവർക്കത് മരണത്തെക്കാൾ ഭയാനകമായിരിക്കും.

**5. താഴെപ്പറയുന്ന ഏതെങ്കിലും രണ്ട് ശൈലികളുടെ ശരിയായ അർത്ഥം കണ്ടെത്തി വാക്യം നിർമ്മിക്കുക** **(2x1=2)**

**(I)** അറുതി വരുത്തുക- അവസാനിപ്പിക്കുക

**(II)** ഉരുളയ്ക്കുപ്പേരി - ചോദ്യത്തിന് പറ്റിയ മറുപടി

**(III)** ഭഗീരഥ പ്രയത്നം - കഠിനാധ്വാനം

ഈ അർത്ഥത്തിൽ വരുന്ന വാക്യങ്ങൾ നിർമ്മിക്കുക

**6. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക** **(2x1=2)**

**(I)** 1923 ൽ ഉണ്ടായ ഭൂചലനത്തിൽ നശിച്ചുപോയ ക്ഷേത്രം പിന്നീട് പുനർനിർമ്മിച്ചു.

**(II)** അടുത്ത ശനിയാഴ്ച ഉച്ചയ്ക്ക് കുട്ടികൾ തങ്ങളുടെ സഹപാഠികളെ ക്ഷണിച്ചു കൊണ്ടുവന്ന് അവരുടെ സഹായത്തോടെ വള്ളത്തെ ഏണിപ്പടികൾ വഴി അപ്പാർട്ട്മെന്റിലേക്ക് എത്തിച്ചു

## Section C / സി. വിഭാഗം

**7. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (ഓരോന്നിലും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്)** **(5x2=10)**

7. (I) (i) d. ഇതെല്ലാം ശരിയാണ്

(ii) c. വിശ്വാമിത്രൻ

7. (II) (i) b. ബാഹുകൻ

(ii) d. ഋതുപർണ്ണൻ

7. (III) (i) c. നിലാവിൽ കുളിച്ച കാട് പുറപ്പെടുവിക്കുന്ന ശബ്ദം

(ii) d. ഭഗവതിക്കാവുകളിൽ

7. (IV) (i) c. ഉണ്ണായി വാര്യർ

(ii) b. ഗീതഗോവിന്ദത്തിൽ നിന്ന്

7. (V) (i) b. ഉഗ്രതപസ്സ്

(ii) a. രാത്രിയെ

7. (VI) (i) a തലയിൽ തേങ്ങാ വീണാൽ ചിരിക്കരുത്

(ii) c. ചെറിയാൻ. കെ. ചെറിയാൻ

**8. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (ഓരോന്നിലും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്)** **(5x2=10)**

8. (I) (i) d. ഉപഭോക്താവിനോടുള്ള സഹായമനസ്ഥിതി

(ii) b. കച്ചവടക്കാരെ

8. (II) (i) b. 1975 ലെ നൊബേൽ സമ്മാന ജേതാവ്

(ii) c. മൂന്ന്

8. (III) (i) b. കുഞ്ഞിന്

(ii) c. അച്ഛൻ മരിക്കാൻ താൻ കാരണമായതിനാൽ

8. (IV) (i) c. യാത്രാവിവരണം

(ii) a. ബന്ദർപൂഞ്ച്

8. (V) (i) b. I & IV

(ii) d. മാതൃഭൂമി സ്പോർട്സ് മാസിക ഡിസംബർ 2013

8. (VI) (i) a. മാതാവ് കുട്ടികളോട്

(ii) d. നല്ല വിദ്യാർത്ഥിക്കുള്ള സമ്മാനത്തെക്കുറിച്ച്

**9. ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(4x4=16)**

*(ഖണ്ഡിക തിരിക്കാം. എല്ലാ ഉത്തരങ്ങൾക്കും ആമുഖം വേണം. എഴുത്തുകാർ, കൃതി, പാഠഭാഗം എന്നിവയെക്കുറിച്ച് സൂചിപ്പിക്കണം. പാഠപുസ്തകത്തിലെ, ഉത്തരം വരുന്ന ഭാഗത്തിന് പ്രാധാന്യം നൽകിക്കൊണ്ടായിരിക്കണം ഉത്തരം എഴുതേണ്ടത്.)*

9. (I) ഏതെങ്കിലും രണ്ട് ലോകോക്തികൾ എഴുതി അതിന്റെ ആശയം വിവരിക്കുക. ഉദാഹരണം ''കണ്ണാടി കാണ്മോളവും.......വിരൂപന്മാർ''. കാലങ്ങൾക്ക് മുന്നേ കവിയെഴുതി വെച്ച ഈ തത്വങ്ങൾക്ക് ഇന്നും മാറ്റമില്ല. പുതിയകാലത്തും മനുഷ്യർ ഇങ്ങനെ തന്നെ-ലാഭത്തിനായി മനുഷ്യൻ എന്തും ചെയ്യും- ഈ ലോകോക്തികൾക്ക് എല്ലാ കാലവും പ്രസക്തിയുണ്ട്- ചതി, വഞ്ചന ലാഭേച്ഛ തുടങ്ങി എല്ലാം ഇന്നും നടമാടുന്നു -കവിത രചിച്ച കാലത്തേക്കാൾ മോശമാണ് ഈ കാലം- അതുകൊണ്ടുതന്നെപ്രസക്തിയേറുന്നു.

9. (II) നഷ്ടപ്പെട്ടുപോയ ആവാസ വ്യവസ്ഥയിൽ നെഞ്ചു നീറി നിൽക്കുന്ന കാട്ടാളനെ അവതരിപ്പിക്കുന്നു- തളർച്ചയിൽ നിന്നവൻ വന്യമായ പ്രതികാരത്തോടെ ഉയർത്തെഴുന്നേൽക്കുന്നു- നട്ടെല്ല് നിവർന്ന് നിന്ന് പ്രതിജ്ഞയെടുക്കുന്നു- തന്നെ കീഴടക്കിയ ദൈന്യതയെ രൗദ്രത കൊണ്ട് അയാൾ അതിജീവിക്കുന്നു- അവന്റെ കണ്ണിൽനിന്ന് ഊറിയടരുന്ന തീത്തുള്ളി പ്രതിഷേധാഗ്നിയാകുന്നു- വേട്ടക്കാരായവരെ താൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് തിരമാല ചീറി അടിക്കുമ്പോൽ പ്രതികരിക്കുന്നു- ആ പ്രതിഷേധ സ്വരത്തിൽ അടക്കി നിർത്താനാവാത്ത വീരഭാവം പ്രകടമാകുന്നു.

9. (III) ബാഹുകൻ നളൻ തന്നെയോ എന്നറിയാനായി കേശിനിയെ നിയോഗിക്കുന്നു -അവൾ സാമർത്ഥ്യത്തോടെ കാര്യങ്ങൾ കണ്ടെത്തുന്നു- ബാഹുകന്റെ പ്രവർത്തികളെ വിശകലനം ചെയ്യുന്ന ദമയന്തി അത് നളൻ തന്നെ എന്ന് നിസംശയം ഉറപ്പിച്ചു- തുടർന്ന് എന്തുവേണമെന്ന് നിശ്ചയിക്കുന്നു.

9. (IV) കവിത രചിച്ച കാലത്തെ സാമൂഹികാവസ്ഥ, അന്ധവിശ്വാസം, ജാതകനോട്ടം, സ്ത്രീകളുടെ അസ്വാതന്ത്ര്യം, പുരുഷമേൽക്കോയ്മ തുടങ്ങിയവ- സ്വയം സഹിക്കാൻ മാത്രം വിധിക്കപ്പെട്ട സ്ത്രീയായി ശീലാവതി എല്ലാം നിശബ്ദം ഏറ്റുവാങ്ങുന്നു-അന്നത്തെ സാമൂഹികാവസ്ഥ തന്നെ കാരണം- ഇന്ന് സ്ത്രീകൾ പ്രതികരിക്കാൻ തുടങ്ങിയിരിക്കുന്നു- പ്രതികരണശേഷിയാണ് ആവശ്യം- ശീലാവതിമാരായിട്ട് ഫലം ഇല്ലെന്ന് തിരിച്ചറിയണം-സാമൂഹികാവസ്ഥ മാറിയെങ്കിലും ഇപ്പോഴും പല സ്ത്രീകളും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കാര്യവും ഓർക്കേണ്ടതുണ്ട് - സ്വന്തം അഭിപ്രായം എഴുതുക.

9. (V) വിവിധ അർത്ഥതലങ്ങൾ- ആകസ്മിക സംഭവങ്ങൾ ജീവിതത്തെ മാറ്റിമറിക്കാം- നിസ്സാരമായ കാര്യങ്ങളും ജീവിതത്തെ മാറ്റാം- തേങ്ങാ പ്രതീകമാണ്- നമ്മുടെ യുക്തിക്കു നിരക്കാത്ത പലതും നിറഞ്ഞതാണ് ജീവിതം- പഴഞ്ചൊല്ലുകളിലും ഗുണപാഠങ്ങളിലും വിശ്വസിക്കുന്നവരാണ് നാം- ആ ഗുണപാഠം നോക്കിയിരുന്നാൽ എല്ലാം ശരിയാവണമെന്നില്ല- ഗുണപാഠം നോക്കി ജീവിക്കുന്നവരെ പരിഹസിക്കുന്നു- മനുഷ്യത്വമില്ലായ്മ, അഹന്ത, അമിതമായ ആത്മവിശ്വാസം, ദുഷ്ടത തുടങ്ങിയവ ഫലിത രൂപേണ വിമർശിക്കുന്നു.

**10. ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **(4x4=16)**

*(ഖണ്ഡിക തിരിക്കാം. എല്ലാ ഉത്തരങ്ങൾക്കും ആമുഖം വേണം. എഴുത്തുകാർ, കൃതി, പാഠഭാഗം എന്നിവയെക്കുറിച്ച് സൂചിപ്പിക്കണം. പാഠപുസ്തകത്തിലെ ഉത്തരം വരുന്ന ഭാഗത്തിന് പ്രാധാന്യം നൽകിക്കൊണ്ടായിരിക്കണം ഉത്തരം എഴുതേണ്ടത്.)*

10. (I) ഭാഗികമായ അർത്ഥത്തിൽ ഈ നിരീക്ഷണം ശരിയാണ്– എല്ലാവരും ഇങ്ങനെയാവണമെന്നില്ല– ഭൂരിപക്ഷം കുട്ടികളും തങ്ങളുടെ ആഗ്രഹപൂർത്തീകരണത്തിന് പരിശ്രമിക്കും– ചിലർ കുഴപ്പമില്ലാത്ത മാർഗ്ഗം തേടും – കഥയിലെ കുട്ടികൾ തങ്ങൾക്ക് നഷ്ടമായതിനെ ഓർത്ത് ദുഃഖിച്ചിരിക്കാതെ പ്രശ്നങ്ങൾ ഉണ്ടാക്കാത്ത നൂതന മാർഗം തേടി– പഠനത്തിലും മിടുക്കരായി– പ്രതിസന്ധികളിൽ തളരുകയോ വഴിതെറ്റുകയോ അല്ല വേണ്ടത്– സ്വന്തം പ്രതികരണം എഴുതുക.

10. (II) വെളിച്ചം എപ്പോഴും യാഥാർത്ഥ്യമാവണമെന്നില്ല –കാഴ്ചയെ മറയ്ക്കാം– സത്യത്തെ മറയ്ക്കാം– നേർവഴിയെ മറയ്ക്കാം– വെളിച്ചം കബളിപ്പിച്ചേക്കാം– പുറം കാഴ്ചകളിൽ ഭ്രമിക്കരുത്– വെളിച്ചത്തിന് പിന്നിലെ യാഥാർത്ഥ്യം തിരിച്ചറിയാൻ കഴിയണം– ചതിക്കുഴികളും പ്രലോഭനങ്ങളും കാഴ്ച മറയ്ക്കാം– കഥയിലെ ദിവാകരൻ കാണുന്ന വെളിച്ചവും മായികതയുടേതാണ്.

10. (III) യാത്ര ആത്മീയ അനുഭവം എന്ന നിലയിലുള്ള സഞ്ചാരസാഹിത്യ രചന– യമുനോത്രിയിൽ ആത്മീയ വിശുദ്ധി നിറഞ്ഞുനിൽക്കുന്നു– ക്ഷേത്രങ്ങളും പ്രകൃതിയുടെ രമണീയതയും മനസ്സിനെ ശാന്തമാക്കുന്നു– ക്ഷേത്രങ്ങളുടെയും പ്രദേശത്തിന്റെയും ചരിത്ര പ്രാധാന്യവും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും വിവരിക്കുന്നു–തനിക്ക് ലഭിച്ച ആത്മീയ അനുഭവങ്ങളെ വിജ്ഞാനപ്രദമായി അവതരിപ്പിക്കുന്നു.

10. (IV) പെൺപല്ലി ആൺപല്ലിയോട് – ആൺപല്ലിയുടെ പൊതുവിജ്ഞാനത്തെക്കുറിച്ചും മുജ്ജന്മ ബന്ധത്തെക്കുറിച്ചും സൂചിപ്പിച്ചപ്പോൾ – കിശോരലാലിന്റെ വർഗ്ഗത്തെക്കുറിച്ചുള്ള ചർച്ചയ്ക്കിടയിൽ നടക്കുന്നത് – ആൺപല്ലിയുടെ അഹന്തയും പെൺപല്ലിയുടെ നെടുവീർപ്പുകളും, ആത്മനിന്ദയും.

10. (V) സർഗ്ഗാത്മക സാഹിത്യത്തോട് ചേർന്ന് നിൽക്കുന്നവയാണ് ഫീച്ചർ – ആസ്വാദനത്തിന് പ്രാധാന്യം – വൈകാരികമായ അവതരണമാണ് ഈ ഫീച്ചറിന്റെ പ്രത്യേകത – ക്രിക്കറ്റിനെ ഇഷ്ടപ്പെടാത്തവരും ഈ ഫീച്ചർ വായിക്കാൻ താല്പര്യപ്പെടുന്നു – രണ്ടു ഭാഗങ്ങളായുള്ള രചന – കാവ്യഭാഷയോടിണങ്ങുന്ന രചനാരീതി – മികച്ച വായനാനുഭവം നൽകുന്നു – ദേശബോധം നൽകുന്നു – സച്ചിനെ, ക്രിക്കറ്റിനെ അടുത്തറിയാൻ പ്രേരിപ്പിക്കുന്നു.